(സി) മുതിർന്ന പൗരന്മാരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിന് സഹായങ്ങൾ ഒരുക്കുക, കൗൺസിലിംഗ് സെന്ററുകൾ സജ്ജീകരിക്കുക, തെരുവു വിളക്കുകൾ ശരിയായി പ്രവർത്തിക്കുന്നതായി ഉറപ്പുവരുത്തുക, സ്വരക്ഷയ്ക്കായുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ലഹരി വിമുക്തകേന്ദ്രങ്ങൾ സജ്ജീകരിക്കുക, ദുരന്ത നിവാരണ പരിപാടികൾ നടപ്പാക്കുക എന്നിവയിൽ സാധ്യമായ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഈ സംവിധാനത്തിലൂടെ ലഭിക്കുന്നതാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

കമ്മ്യൂണിറ്റി പോലീസിംഗ്

18 (1759) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഈ വർഷം എത്ര സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് ഈ വർഷം 105 പോലീസ് സ്റ്റേഷനുകളിൽ കൂടി കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

കമ്മ്യൂണിറ്റി പോലീസിംഗ് കൂടുതൽ സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി

19 (1760) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് സിവിൽ പോലീസിന്റെ രൂപീകരണത്തോടെ കമ്മ്യൂണിറ്റി പോലീസിംഗ് കൂടുതൽ സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിക്കാവുന്നതാണ്

ട്രാഫിക് നിയമങ്ങൾ പാലിക്കാൻ നടപടികൾ

20 (1761) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാഹനാപകടങ്ങൾമൂലം 2010 ജനുവരി മുതൽ ഡിസംബർ വരെ (20-12-2010) വരെ എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ട് ;

(സി) വർദ്ധിച്ചുവരുന്ന ട്രാഫിക് അപകടങ്ങൾ കണക്കിലെടുത്ത് ട്രാഫിക് നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മുൻവർഷത്തേക്കാൾ വാഹനാപകടങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

(ബി) വാഹനാപകടങ്ങൾമൂലം 2010 ജനുവരി മുതൽ ഡിസംബർ 20 വരെ 3537 മരണങ്ങൾ സംഭവിച്ചിട്ടുണ്ട്.

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഹൈവേ പട്രോൾ പോലീസിന്റെയും ഹൈവേകളുമായി അടുത്ത് ഇടപഴകുന്ന പൗരന്മാരേയും റോഡ് സുരക്ഷാ രംഗത്ത് പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടു കൂടിയും (25-7-2009-ലെ സ.ഉ. (അച്ചടിച്ചത്) നമ്പർ 117/2009 ആഭ്യന്തരം ഉത്തരവു പ്രകാരം) ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളിൽ ശരിയായ ട്രാഫിക് സംസ്കാരം ഉണ്ടാക്കി എടുക്കുന്നതിലേക്കായി റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ട്രാഫിക് ചട്ട ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനായി ആൽക്കോമീറ്ററുകൾ, സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ തുടങ്ങിയവ പോലീസ് ഉപയോഗിച്ചുവരുന്നുണ്ട്. അപകടങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ട്രാഫിക് വാർഡൻമാർ/ഹോംഗാർഡുകൾ തുടങ്ങിയവരെ നിയമിച്ചും അപകട സൂചനാ ബോർഡുകൾ, വേഗപരിധി ബോർഡുകൾ തുടങ്ങിയവ സ്ഥാപിച്ചും നടപടികൾ എടുത്തുവരുന്നുണ്ട്.

ഹോംഗാർഡുകളുടെ സേവനം

21 (1782) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹോംഗാർഡുകളുടെ സേവനം ലഭിച്ചുവരുന്നു ;

(ബി) എല്ലാ ജില്ലകളിലും ഹോം ഗാർഡുകളെ നിയമിച്ചിട്ടുണ്ടോ ;

(സി) ഇവരുടെ ജോലി സമയം എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രതിദിനം എത്ര രൂപ ശമ്പളമാണ് ഇവർക്ക് നിശ്ചയിച്ചിരിക്കുന്നത് ;

(ഇ) ഹോംഗാർഡുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ഇപ്പോൾ നൽകി വരുന്നു ;

(എഫ്) എപ്രകാരമുള്ളവരെയാണ് ഹോംഗാർഡുകളായി നിയമിക്കുന്നത് ; വിശദമാക്കുമോ ;

(ജി) ഇവർക്ക് എപ്രകാരമുള്ള ജോലികളാണ് അനുവദിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly